**ആദരണീയനായ സഭാദ്ധ്യക്ഷൻ,**

**ബഹുമാന്യരായ സാമാജികരെ.......**

കേരള സർവകലാശാലയുടെ പരമാധികാരസഭയായ സെനറ്റിന്റെ പരിഗണനയ്ക്കും അംഗീകാരത്തിനുമായി 2010–2011 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് സസന്തോഷം അവതരിപ്പിക്കുന്നു.

നിലവിലുള്ള സിൻഡിക്കേറ്റിന്റെ കടശ്ശി ബജറ്റാണിത്. കന്നി ബജറ്റ് അവതരിപ്പിക്കുമ്പോൾ വളരെ പ്രതീക്ഷകളോടെ നാം നോക്കിക്കണ്ട പൊതുവിദ്യാഭ്യാസരംഗം വലിയ മാറ്റങ്ങൾക്ക് വിധേയമായിരിക്കുന്നു. ഉന്നതവിദ്യാഭ്യാസ മേഖലയിൽ കല്പിതസർവകലാശാലകൾ സൃഷ്ടിച്ച കുഴമറിച്ചിലുകൾ കേന്ദ്രഗവൺമെന്റിനു കുറച്ചെങ്കിലും ബോദ്ധ്യമായിട്ടുണ്ട് എന്നു വേണം കരുതാൻ. പിഞ്ഞാണക്കടയിൽക്കയറിയ കാളക്കൂറ്റനെപ്പോലെ, എല്ലാം തച്ചുതകർക്കുന്ന ഒരവസ്ഥയിലേക്കു കല്പിത സർവകലാശാലകൾ മാറിപ്പോയതിന്റെ കൂടി ഒരനുഭവപാഠമാണ് നമുക്കു മുന്നിലുള്ളത്. ഉന്നതവിദ്യാഭ്യാസരംഗത്ത് ആശാവഹമായ ഇടപെടലുകളും നിയമനിർമ്മാണങ്ങളും കേന്ദ്രഗവൺമെന്റിന്റെ ഭാഗത്തു നിന്നും ഉണ്ടാകേണ്ടത് അനിവാര്യമാണ്. കന്നിബജറ്റ് അവതരിപ്പിക്കുമ്പോൾ ഈയൊരാശങ്കകൂടി നാം പങ്കുവച്ചിരുന്നു. കഴിഞ്ഞ നാലു വർഷക്കാലത്തിനിടയ്ക്കു ഒട്ടേറെ വികസനപ്രവർത്തനങ്ങൾക്കും അക്കാദമികസംരംഭങ്ങൾക്കും നേതൃത്വം നൽകാനും നടപ്പാക്കാനും ഈ സിൻഡിക്കേറ്റിനു കഴിഞ്ഞിട്ടുണ്ട് . അതിന്റെയെല്ലാം സംക്ഷിപ്ത ചിത്രം ഒരു നഖരേഖയായി പ്രത്യേകം സമർപ്പിച്ചിട്ടുണ്ട്.

ഈ ബജറ്റ് ഒരു കന്നിക്കൊയ്ത്തല്ല, മകരക്കൊയ്ത്തു തന്നെയാണ്. നാം വിതച്ച വിളവുകളുടെ കനകസമൃദ്ധി നമുക്കു മുന്നിൽക്കാണാം.



ഇവിടെ സൂചിപ്പിക്കുന്നത്, സംസ്ഥാന ബജറ്റിൽ നമ്മുടെ സർവകലാശാലയ്ക്കു ലഭിച്ച അർഹമായ പരിഗണനയും സാരമായ ധനസഹായവുമാണ്. കലർപ്പില്ലാത്ത നന്ദി നാം ഈ വേളയിൽ സംസ്ഥാന സർക്കാരിനോടു പ്രകടിപ്പിക്കേണ്ടതുണ്ട്. ചരിത്രത്തിലെ ഏറ്റവും വലിയ ധനസഹായമാണ് ഉന്നതവിദ്യാഭ്യാസ മേഖലയ്ക്കു സംസ്ഥാന സർക്കാർ നൽകിയിട്ടുള്ളത്. നിലവിലുള്ള അദ്ധ്യാപക ഒഴിവുകൾ നികത്തുന്നതിനും ഹോസ്റ്റൽ, ലൈബ്രറി, ലബോറട്ടറി സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുമെല്ലാം പ്രത്യേക സഹായം സർക്കാർ നൽകുന്നുണ്ട്. ഇതെല്ലാം പരിഗണിക്കുമ്പോൾ കൂടുതൽ കാര്യക്ഷമവും പ്രവർത്തനോന്മുഖവുമായ ഒരു വരും വർഷമാണ് കേരളസർവകലാശാലയ്ക്കുള്ളത്. അതിനു പൂരകമായ ഒരു ബജറ്റാണ് ഇവിടെ പരികല്പന ചെയ്തിട്ടുള്ളത്.

പദ്ധതിയേതരയിനത്തിൽ 146.02 കോടി രൂപയുടെ വരവും അത്ര തന്നെ ചെലവും പ്രതീക്ഷിക്കുന്ന ഒരു സന്തുലിത ബജറ്റാണ് 2010–2011 സാമ്പത്തിക വർഷത്തിലേക്ക് തയ്യാറാക്കിയിരിക്കുന്നത്.

പഠനവകുപ്പുകളും അഫിലിയേറ്റഡ് കോളേജുകളും പഠന ഗവേഷണകേന്ദ്രങ്ങളും സ്വാശ്രയ സ്ഥാപനങ്ങളും ഉൾക്കൊള്ളുന്ന വളരെ ബൃഹത്തായ ഒരു വിദ്യാഭ്യാസ സംവിധാനമാണ് സർവകലാശാലയ്ക്കുള്ളത്. കേരളപ്പിറവിക്കും മുമ്പ്, 1937 ൽ തിരുവിതാംകൂർ സർവകലാശാലയായി തുടങ്ങിയ നമ്മുടെ സർവകലാശാലയ്ക്ക് ഇന്ന് 139 സ്വാശ്രയ കോളേജുകൾ ഉൾപ്പെടെ 204 അഫിലിയേറ്റഡ് കോളേജുകളുണ്ട്. ഇവയ്ക്കുപുറമേ 41 സർവകലാശാലാ വകുപ്പുകൾ, 10 ബി.എഡ് കോളേജുകൾ, 10 യു.ഐ.റ്റികൾ എന്നിവയും

പ്രവർത്തിക്കുന്നു. വിവിധ മേഖലകളെ കേന്ദ്രീകരിച്ച് 30 പഠന ഗവേഷണകേന്ദ്രങ്ങളും പ്രവർത്തിക്കുന്നുണ്ട്. സർവകലാശാലയുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ ഒരു എൻജിനീയറിംഗ് കോളേജും പ്രവർത്തിക്കുന്നു. ഇവിടെ മൂന്ന് എൻജിനീയറിംഗ് ബ്രാഞ്ചുകളിലായി മെറിറ്റടിസ്ഥാനത്തിൽ 180 വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിക്കുന്നു. പകുതി സീറ്റിൽ സർക്കാർ ഫീസ് നിരക്കിലാണ് വിദ്യാർത്ഥികൾ പഠിക്കുന്നത്. വിദൂര വിദ്യാഭ്യാസ കേന്ദ്രവും പ്രൈവറ്റ് രജിസ്ട്രേഷനും ഉൾപ്പെടെ സർവകലാശാലയുടെ സ്ഥാപനങ്ങളിലെല്ലാം കൂടി 164600 ലേറെ വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്.

## സമതുലന ബജറ്റ്

കഴിഞ്ഞ കുറേ വർഷങ്ങളായി സർവകലാശാലാ ബജറ്റുകൾ പദ്ധതിയേതരയിനത്തിൽ കമ്മി രേഖപ്പെടുത്തിയിരുന്നു. 2008-2009 ൽ ഇത് 9.43 കോടിരൂപയും 2009-2010ൽ 12.03 കോടി രൂപയുമായിരുന്നു. ഈയൊരു പ്രതിസന്ധിയിൽ നിന്നും മാറി സർവകലാശാലയുടെ വർദ്ധിച്ചുവരുന്ന ചെലവുകൾക്കു ആനുപാതികമായി വിഭവസമാഹരണം നടത്തിക്കൊണ്ട് വരവ് ചെലവുകളെ സമതുലനത്തിലെത്തിക്കാൻ ശ്രമിക്കുന്ന ബജറ്റാണ് ഈ വർഷം അവതരിപ്പിക്കുന്നത്. അതിന് സർവകലാശാലയുടെ സാമ്പത്തിക മാനേജ്മെന്റ് പ്രാപ്തമായിരിക്കുന്നു എന്നറിയിക്കുന്നതിൽ അനല്പമായ സന്തോഷമുണ്ട്. പദ്ധതിയേതര ചെലവ് മുൻവർഷങ്ങളിൽ നിന്ന് പരിമിതപ്പെടുത്തിക്കൊണ്ടല്ല ഈ മാറ്റം സാദ്ധ്യമാക്കിയത്. മറിച്ച്, കഴിഞ്ഞ വർഷത്തേതിൽ നിന്ന് 6.19 കോടി രൂപയും നടപ്പുവർഷത്തേതിൽ നിന്ന് 12.51 കോടി രൂപയുമാണ് ഈ



വർഷം ചെലവിനത്തിൽ പ്രതീക്ഷിക്കുന്ന വർദ്ധന. സർവകലാശാലാ ഭരണസമിതിയുടെ നാലുവർഷത്തെ ശ്രമഫലമായി റവന്യൂ ചോർച്ച ഗണ്യമായി കുറയ്ക്കാനും പുതിയ വരുമാനമാർഗ്ഗങ്ങൾ കണ്ടെത്താനും കഴിഞ്ഞിട്ടുണ്ട്. ഈ അധികധനസമാഹരണത്തിലൂടെ ചെലവിലെ ഗണ്യമായ വർദ്ധനയെ നേരിടാനാകുമെന്ന് പ്രത്യാശിക്കുന്നു. കേരളസർക്കാരിൽ നിന്നുമുള്ള അധികധനസഹായവും ഈ പ്രത്യാശയ്ക്ക് തിളക്കമേറ്റുന്നുണ്ട്. പരീക്ഷാ ഫീസിലുണ്ടായിട്ടുള്ള പരിമിതമായ വർദ്ധനയും ബജറ്റ് കമ്മി ഇല്ലാതാക്കുന്നതിന് സഹായമാകും. അതോടൊപ്പം നിശ്ചയദാർഢ്യത്തോടെ നാം ഏറ്റെടുക്കേണ്ട നിലപാടുകളുമുണ്ട്. ബജറ്റ് ബാഹ്യമായ ചെലവുകൾ ഒഴിവാക്കണം. കർശനമായ സാമ്പത്തിക അച്ചടക്കം പരിശീലിക്കണം.

## പദ്ധതിയേതര ഗ്രാന്റ്

താരതമ്യേന മെച്ചപ്പെട്ട ഒരു പദ്ധതിയേതര വിഹിതമാണ് അടുത്ത സാമ്പത്തിക വർഷത്തിലേക്ക് സംസ്ഥാന ഗവൺമെന്റിൽ നിന്ന് ശുപാർശ ചെയ്യപ്പെട്ടിരിക്കുന്നത്. 2007-2008ൽ 3.57 ശതമാനവും 2008-2009ൽ 7 ശതമാനവും ആയിരുന്നു സർക്കാർ ഗ്രാന്റിന്റെ വർദ്ധനയെങ്കിൽ 2009-2010ൽ അത് 15% ആയി ഉയർന്നു. ശമ്പളവും പെൻഷനുമുൾപ്പെടെയുള്ള പദ്ധതിയേതരച്ചെലവുകളുടെ വർദ്ധനമൂലം സർവകലാശാല നേരിടുന്ന സാമ്പത്തിക ബാദ്ധ്യതയുടെ ഗൗരവം ഗവൺമെന്റിന്റെ ഗ്രാന്റ് നിർണ്ണയ കമ്മിറ്റിയെ ബോദ്ധ്യപ്പെടുത്താൻ കഴിഞ്ഞു എന്നത് സർവകലാശാലാ ഫിനാൻസ് വിഭാഗത്തിന്റെ നേട്ടമായി അംഗീകരിക്കുകയാണ്. എന്നാൽ ഈ വർദ്ധന സർവകലാശാലാ പദ്ധതിയേതരച്ചെലവിലുണ്ടാകുന്ന വർദ്ധനയ്ക്ക്

ആനുപാതികമല്ല. ആകെ പദ്ധതിയേതരച്ചെലവിന്റെ 61 ശതമാനത്തോളമാണ് സർക്കാർ ഗ്രാന്റിൽ നിന്ന് നികത്താനാകുന്നത്. അവശേഷിക്കുന്ന ചെലവുകൾക്ക് മറ്റു ധനാഗമമാർഗ്ഗങ്ങളെ ആശ്രയിക്കേണ്ടിയിരിക്കുന്നു. ഇതിനും പരിമിതികളുണ്ടെന്നിരിക്കെ, പദ്ധതിയേതരച്ചെലവുകളിൽ കർശനമായ നിയന്ത്രണം ഏർപ്പെടുത്തേണ്ടുന്നതിന്റെ ആവശ്യകതയിലേക്ക് സർവകലാശാലാ സമൂഹം ഒന്നടങ്കം ബോധവാന്മാരാകേണ്ടിയിരിക്കുന്നു.

## യു.ജി.സി

യു.ജി.സി ഗ്രാന്റിന്റെ ലഭ്യതയിൽ സർവകലാശാലയ്ക്ക് വർഷാവർഷം ഗണ്യമായ പുരോഗതിയുണ്ടാക്കാനായി. 11-ാം പദ്ധതിക്കാലത്തേയ്ക്ക് 16 കോടി രൂപയാണ് പൊതുവികസന സഹായമായി യു.ജി.സി സർവകലാശാലയ്ക്ക് അനുവദിച്ചിരിക്കുന്നത്. യു.ജി.സിക്ക് വിശദമായ പദ്ധതിരേഖ സമർപ്പിക്കുന്നതുമുതൽ അവയുടെ സമയബന്ധിതമായ വിനിയോഗം വരെ എടുത്ത ജാഗരൂകമായ സമീപനവും കമ്മീഷൻ അനുശാസിക്കുന്ന നടപടിക്രമങ്ങൾ പാലിക്കുന്നതിലുള്ള നിഷ്കർഷയും മൂലമാണ് ഗ്രാന്റ് ലഭ്യതയിലെ വർദ്ധന നേടാനായത്.

## ആഭ്യന്തര വരുമാനം

56.57 കോടി രൂപയുടെ ആഭ്യന്തരവരുമാനസമാഹരണമാണ് 2010-2011 വർഷത്തിൽ സർവകലാശാല ലക്ഷ്യമിടുന്നത്. നടപ്പുവർഷത്തെ അപേക്ഷിച്ച് 10.31 കോടി രൂപയുടെ വർദ്ധനയാണ് ഇത്.



സർവകലാശാലയുടെ ആഭ്യന്തര വരുമാനം പ്രധാനമായും പരീക്ഷാ നടത്തിപ്പിനും മറ്റു സേവനങ്ങൾക്കുമായി വിദ്യാർത്ഥികളിൽ നിന്ന് ഈടാക്കുന്ന ഫീസാണ്. സ്വാഭാവികമായും ഈ വരുമാനത്തിന് പരിധിയുണ്ട്. സാമൂഹിക ഉത്തരവാദിത്വവും ബാദ്ധ്യതയും നിറവേറ്റേണ്ടുന്ന സ്ഥാപനങ്ങളെന്ന നിലയ്ക്ക് സർവകലാശാലകൾക്ക് ലാഭനഷ്ടങ്ങളുടെ അടിസ്ഥാനത്തിൽ പ്രവർത്തിക്കാനാവില്ല. സർവകലാശാലകൾ സ്വയം പര്യാപ്തമാകാത്തതിന്റെ കാരണവും മറ്റൊന്നല്ല. എന്നാൽ 30 വർഷങ്ങൾക്കു മുമ്പ് നിശ്ചയിച്ച ഫീസ് ഘടന അതേപടി തുടരണമെന്ന് വാശിപിടിക്കാനുമാവില്ല. ഈ സാഹചര്യത്തിലാണ് പരീക്ഷാ ഫീസിൽ നേരിയൊരു വർദ്ധന കൊണ്ടുവരാൻ ഈ ഭരണസമിതി നടപടികൾ സ്വീകരിച്ചത്. ഇതിന്റെ പ്രതിഫലനം സർവകലാശാലയുടെ ആഭ്യന്തര വരുമാനത്തിൽ നടപ്പുവർഷം മുതൽ ദൃശ്യമായിത്തുടങ്ങും.

## പരീക്ഷാരംഗം

പരീക്ഷാനടത്തിപ്പിനുള്ള ചെലവ് വർഷംതോറും വർദ്ധിച്ചു വരികയാണ്. 2008-2009 ൽ പരീക്ഷാ സംബന്ധമായ യഥാർത്ഥ ചെലവ് 756.27 ലക്ഷം രൂപയാണ്. നടപ്പുവർഷം പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റ് പ്രകാരം ഇത് 1016.80 ലക്ഷം രൂപയാണ്. അടുത്ത സാമ്പത്തിക വർഷത്തേക്ക് 1120.80 ലക്ഷം രൂപ പരീക്ഷാച്ചെലവുകൾക്കായി ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. മുൻവർഷത്തേക്കാൾ 104 ലക്ഷം രൂപയുടെ വർദ്ധനയാണ് ഇത്.

ചെറിയതോതിൽ പരീക്ഷാ പരിഷ്കരണം ഏർപ്പെടുത്തിയിട്ടും ഫീസ് ഇനത്തിൽ ലഭിക്കുന്ന വരുമാനത്തിലും പരീക്ഷാനടത്തിപ്പിന് വേണ്ടി

വരുന്ന ചെലവിലും വലിയ അന്തരം നിലനിൽക്കുന്നു. ഇതിൽ വലിയൊരു പങ്ക് കേന്ദ്രീകൃതമൂല്യനിർണ്ണയത്തിനായി ചെലവാക്കണ്ടി വരുന്ന തുകയാണ്. സി.വി.ക്യാമ്പ് സംവിധാനം ചെലവു ചുരുക്കി പുനഃസംഘടിപ്പിക്കണമെന്ന് തീരുമാനമെടുത്തെങ്കിലും ആ വഴിയുള്ള ശ്രമങ്ങൾ ഫലപ്രാപ്തയിലെത്തിയിട്ടില്ല. കേന്ദ്രീകൃത മൂല്യനിർണ്ണയ സമ്പ്രദായം കോഴ്സുകളുടെ അവസാന വർഷ/സെമസ്റ്റർ പരീക്ഷകൾക്കുമാത്രമായി പരിമിതപ്പെടുത്തുകയോ സ്ഥിരം സംവിധാനത്തിനു കീഴിൽ കാര്യക്ഷമമായി പുനഃസംഘടിപ്പിക്കുകയോ ചെയ്താൽ മാത്രമേ പരീക്ഷാനടത്തിപ്പിൽ കുറച്ചെങ്കിലും സ്വയം പര്യാപ്തത കൈവരിക്കാൻ സർവകലാശാലകൾക്ക് കഴിയൂ. അത്തരം ശ്രമങ്ങൾക്ക് പരീക്ഷാവിഭാഗത്തിന്റെ മുന്നിട്ടുള്ള പ്രവർത്തനവും സഹകരണവും ഉണ്ടാകേണ്ടതാണ്.

## സാമ്പത്തിക സുസ്ഥിരത

കഴിഞ്ഞ നാലു വർഷങ്ങളിലെ പ്രവർത്തന ഫലമായി സർവകലാശാലയ്ക്ക് മെച്ചപ്പെട്ട ഒരു സാമ്പത്തിക സ്ഥിതി സമ്മാനിക്കാനായി എന്നത് ഏറ്റവും അഭിമാനാർഹമായ നേട്ടമായി കരുതുന്നു. സർവകലാശാല സാമ്പത്തിക ബുദ്ധിമുട്ടുകൾ നേരിടുന്ന ഒരു കാലത്താണ് നിലവിലെ ഭരണസമിതി സ്ഥാനമേറ്റത്. സർവകലാശാലാ ബജറ്റുകൾ ഭീമമായ റവന്യൂ കമ്മി നേരിടുകയും മാസാമാസം ശമ്പളവും പെൻഷനുമൊഴിച്ചുള്ള ആനുകൂല്യങ്ങളുടെ വിതരണത്തിലും പ്രൊവിഡന്റ് ഫണ്ട് വിതരണത്തിലും കാലതാമസമുണ്ടാകുകയും വർക്ക് ബില്ലുകൾ മാറ്റി വയ്ക്കുകയും



ചെയ്യുന്നത് സാധാരണമായിരുന്നു. പണം ചെലവിടാനുള്ള മേഖലകൾ അനവധിയും അത് സംഭരിക്കാനുള്ള മാർഗ്ഗങ്ങൾ പരിമിതവുമാണെന്നതാണ് സർവകലാശാല നേരിട്ട പ്രതിസന്ധി. പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തിക്കൊണ്ടും സർവകലാശാലാ സേവനങ്ങൾക്ക് ലഭിക്കേണ്ട ഫീസ് കൃത്യമായി കുടിശ്ശിക തീർത്ത് പിരിച്ചെടുക്കുന്നത് ഊർജ്ജിതപ്പെടുത്തിയും ദുർവ്യയങ്ങളൊഴിവാക്കിയും സുരക്ഷിതവും സുസ്ഥിരവുമായ പാതയിലേക്ക് ധനസ്ഥിതി എത്തിക്കാൻ കഴിഞ്ഞു.

സർവകലാശാലയുടെ വികസന ആവശ്യങ്ങളുടെ പ്രാധാന്യം തിരിച്ചറിഞ്ഞ് മുൻഗണനാക്രമം നിശ്ചയിച്ച് ചെലവുകൾ ആസൂത്രണം ചെയ്യാൻ കഴിഞ്ഞു എന്നുള്ളതാണ് ഈ നേട്ടത്തിനാധാരം. ധനദൗർലഭ്യം മൂലം ഒരു അക്കാദമിക് സംരംഭവും മാറ്റിവയ്ക്കേണ്ടി വന്നിട്ടില്ല എന്നു മാത്രമല്ല യു.ജി.സി യും ഗവൺമെന്റിന്റെ മറ്റു ഏജൻസികളും മുന്നോട്ടുവച്ച പരിഷ്കാരങ്ങളും മാറ്റങ്ങളും നടപ്പാക്കുന്നതിൽ സർവകലാശാല സർവാത്മനാ സഹകരിച്ചു പോന്നിട്ടുമുണ്ട്.

## പുതിയ പദ്ധതികൾ

### യൂണിവേഴ്സിറ്റി ആർക്കൈവ്സ്

കേരളത്തിലെ ആദ്യ സർവകലാശാലയാണ് നമ്മുടേത്. തിരുവിതാംകൂർ സർവകലാശാല എന്ന നിലയിൽ 1937 ൽ ആരംഭിച്ച സർവകലാശാലയ്ക്ക് സംഭവബഹുലമായ ഒരു ചരിത്ര പൈതൃകമുണ്ട്. സർവകലാശാലയുടെ ചരിത്രപ്രാധാന്യമുള്ള രേഖകളും നിയമാവലികളും മറ്റും സംരക്ഷിക്കേണ്ടത് വരുംകാലത്തേക്കുള്ള ഈടുവയ്പ്പു കൂടിയാണ്. ഈ ചരിത്രപ്രാധാന്യം കണക്കിലെടുത്ത് സർവകലാശാലയ്ക്കു സ്വന്തമായി ഒരു പുരാവസ്തു ശേഖരം

സ്ഥാപിക്കാൻ നടപടിയെടുക്കും. പഴയ രേഖകൾ ഇവിടെ ഡിജിറ്റൈസ് ചെയ്തു സൂക്ഷിക്കും.

**കഫറ്റേറിയ**

പാളയം കാമ്പസിൽ സർവകലാശാലയ്ക്കുള്ള കാന്റീൻ സൗകര്യം പരിമിതവും അപര്യാപ്തവുമാണ്. സർവകലാശാലയുടെ പൊതു നിലവാരത്തിനു ചേർന്നവിധം ആധുനിക സൗകര്യങ്ങളുള്ള ഒരു കഫറ്റേറിയ  വിദ്യാർത്ഥികൾക്കും ജീവനക്കാർക്കുമായി നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു.

**കാര്യവട്ടത്ത് കൃഷിത്തോട്ടം**

കാര്യവട്ടത്ത് സർവകലാശാലാ ഭൂമിയിൽ നാഷണൽ സർവീസ് സ്കീമിന്റെ സഹായത്തോടെ കൃഷിത്തോട്ടം സ്ഥാപിക്കും. വിദ്യാർത്ഥികൾക്ക് കാർഷികരംഗത്തോട് ആഭിമുഖ്യം വളർത്തുകയാണ് ഇതിന്റെ ലക്ഷ്യം. സർവകലാശാലാ ബോട്ടണി വിഭാഗത്തിന്റെയും കാർഷികസർവകലാശാലയുടെയും വൈദഗ്ദ്ധ്യവും സഹായവും ഇതിനായി പ്രയോജനപ്പെടുത്തും. ഇതിന് ഗവൺമെന്റിന്റെ ധനസഹായം ലഭ്യമാക്കാനുള്ള ശ്രമങ്ങൾ നടത്തും.

**കേരള ഹെറിറ്റേജ് മ്യൂസിയം**

കേരളത്തിന്റെ സംസ്കാരവും ചരിത്രവും വിശദമാക്കുന്ന ഒരു ഹെറിറ്റേജ് മ്യൂസിയം ആരംഭിക്കും. കേരളത്തിന്റെ തനതു പാരമ്പര്യവും ചരിത്രവും കലാപൈതൃകവും ചിത്രീകരിക്കുന്നതോടൊപ്പം കേരളത്തിന്റെ ഭൂപ്രകൃതി വിനോദസഞ്ചാരകേന്ദ്രങ്ങൾ ഇവ ത്രിമാന തലത്തിൽ രേഖപ്പെടുത്തിയ മാതൃകകളും ഇവിടെ തയ്യാറാക്കും. ഇതിനായി സർക്കാരിന്റെ ധനസഹായം നേടും.



**ഓഫീസ് ലൈബ്രറി**

കേരള സർവകലാശാലാജീവനക്കാർക്ക് റഫറൻസിന് സൗകര്യപ്പെടുന്ന വിധത്തിൽ പൊതു സർക്കാർ നിയമങ്ങൾ, സർവീസ് ചട്ടങ്ങൾ, യൂണിവേഴ്സിറ്റി ഓർഡിനൻസ് & റഗുലേഷൻസ്, സെനറ്റ്-സിൻഡിക്കേറ്റ് തീരുമാനങ്ങൾ എന്നിവയടങ്ങുന്ന ഒരു ഓഫീസ് ലൈബ്രറി സെനറ്റ് ഹൗസ് കാമ്പസിൽ സജ്ജമാക്കും.

**സർവകലാശാലാലൈബ്രറിയിൽ**

**വിഷയകേന്ദ്രിത ലേഖനസമാഹാരങ്ങൾ**

മലയാളത്തിലെ പത്രങ്ങളിലും ആനുകാലികങ്ങളിലും വരുന്ന രാഷ്ട്രീയ സാഹിത്യ സാംസ്കാരിക ലേഖനങ്ങൾ വിഷയകേന്ദ്രിതമായി സമാഹരിച്ച് ഡിജിറ്റൈസ് ചെയ്ത് വായനക്കാർക്ക് പ്രയോജനപ്രദമാകും വിധം റഫറൻസ് സൗകര്യം നൽകുന്നതിനുള്ള ഒരു പുതു സംവിധാനം കേരള സർവകലാശാലാ ലൈബ്രറിയിൽ ആരംഭിക്കും.

**യൂണിവേഴ്സിറ്റി ലൈബ്രറി വികസനം**

സംസ്ഥാനഗവൺമെന്റിൽ നിന്നും ലഭിച്ച മൂന്നു കോടി രൂപയുടെ ധനസഹായത്തോടെ യൂണിവേഴ്സിറ്റി ലൈബ്രറിയിൽ നവീകരണപ്രവർത്തനങ്ങൾ നടപ്പാക്കുകയാണ്. സർക്കാർ സഹായം ഇനിയും ലഭ്യമാക്കിക്കൊണ്ട് ലൈബ്രറിയുടെ ആധുനികവത്കരണം ഈ ബജറ്റ് വർഷത്തിൽ പൂർത്തിയാക്കും.

**സർവകലാശാലാ പ്രസ്സിന്റെ ആധുനികവത്കരണം**

സർവകലാശാലാ പ്രസ്സിന്റെ ആധുനികവത്കരണനടപടികൾക്ക് തുടക്കം കുറിച്ചിരിക്കുകയാണ്. നടപ്പുവർഷം 50 ലക്ഷം രൂപ ഇതിനായി അനുവദിച്ചിട്ടുണ്ട്. സർവകലാശാലയുടെ എല്ലാ അച്ചടി ജോലികളും

ഏറ്റെടുക്കത്തക്കവിധത്തിൽ പ്രസ്സിനെ ആധുനികവത്കരിക്കാൻ 3 കോടി രൂപയുടെ വിപുലമായ ഒരു പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ബജറ്റ് വർഷത്തിൽ ഇത് പൂർത്തീകരിക്കും.

**ബി.എഡ് കേന്ദ്രങ്ങൾക്ക് വികസനം**

എൻ.സി.ടി.ഇ യുടെ നിബന്ധനകൾ പാലിച്ചുകൊണ്ട് സർവകലാശാലയുടെ ടീച്ചർ എഡ്യൂക്കേഷൻ കേന്ദ്രങ്ങളിൽ ആവശ്യമായ ഭൗതിക സൗകര്യങ്ങളൊരുക്കും.

**മലയാള മഹാനിഘണ്ടു**

മലയാള മഹാനിഘണ്ടുവിന്റെ എട്ടാം വാല്യം കഴിഞ്ഞ വർഷം പ്രസിദ്ധപ്പെടുത്താൻ കഴിഞ്ഞു. ഒൻപതാം വാല്യത്തിന്റെ നിർമ്മാണം ത്വരിതപ്പെടുത്തുകയും ഈ വർഷം തന്നെ പ്രസാധനം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യും.

**ജ്യോതിഷ വിജ്ഞാനനിഘണ്ടുവും**

**ആയുർവേദ ഔഷധനിഘണ്ടുവും**

പ്രകാശനവിഭാഗത്തിന്റെ നേതൃത്വത്തിൽ വിജ്ഞാന നിഘണ്ടുക്കൾ നിർമ്മിക്കുന്നതിനു നടപടിയെടുക്കും. ആദ്യഘട്ടമെന്ന നിലയിൽ ജ്യോതിഷ വിജ്ഞാന നിഘണ്ടു പുറത്തിറക്കും. കേരളസർവകലാശാലാ മാനുസ്ക്രിപ്റ്റ് ലൈബ്രറി ജ്യോതിഷ സംബന്ധിയായ ഒട്ടേറെ ഗ്രന്ഥങ്ങൾ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഈ ഗ്രന്ഥങ്ങൾ കൂടി ആധാരമാക്കിയാകും സമഗ്രവും പ്രാമാണികവുമായ ജ്യോതിഷ നിഘണ്ടു പ്രസിദ്ധീകരിക്കുക. രണ്ടാം ഘട്ടമെന്ന നിലയിൽ സമഗ്രമായ ആയുർവേദ ഔഷധ നിഘണ്ടു പ്രസിദ്ധപ്പെടുത്തും. അഷ്ടാംഗഹൃദയം, സഹസ്രയോഗം, ചരകസംഹിത, യോഗസൂത്രം തുടങ്ങിയ പ്രാമാണിക ഗ്രന്ഥങ്ങളെ



ആധാരമാക്കിയാകും ഈ ഗ്രന്ഥം രചിക്കുക. ഈ രംഗത്തെ പണ്ഡിതന്മാരുടെയും പ്രതിഭാശാലികളുടെയും സേവനം ഇതിനായി പ്രയോജനപ്പെടുത്തും.

**സ്റ്റേഡിയം വികസനം**

യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിൽ സിന്തറ്റിക് ട്രാക്കിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. അനുബന്ധ സൗകര്യങ്ങളൊരുക്കുന്നതിന് സർക്കാർ സഹായത്തോടുകൂടി മൂന്ന് കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ നടപ്പാക്കും.

**കൊമേഴ്സ്യൽ കോംപ്ലക്സ്**

സിറ്റിയുടെ ഹൃദയഭാഗത്ത് പാളയം യൂണിവേഴ്സിറ്റി സ്റ്റേഡിയത്തോടു ചേർന്ന് ഒരു വ്യാപാര സമുച്ചയം സ്ഥാപിക്കും. സർവകലാശാലയ്ക്ക് ആഭ്യന്തരവരുമാന സ്രോതസ്സ് എന്ന നിലയിൽ ഈ പദ്ധതി വിഭാവനം ചെയ്തു നടപ്പാക്കും.

**പരീക്ഷാ കമ്പ്യൂട്ടറൈസേഷൻ**

പരീക്ഷാ കമ്പ്യൂട്ടറൈസേഷൻ പാതി വഴിയിലെത്തി നിൽക്കുന്നു. എൻജിനീയറിംഗ്, ബി.എഡ്, റീസ്ട്രക്ച്ചേഡ് ബിരുദ കോഴ്സുകൾ എന്നീ പരീക്ഷകളുടെ കമ്പ്യൂട്ടറൈസേഷൻ മാത്രമാണ് ഇതുവരെ പൂർത്തീകരിക്കാൻ കഴിഞ്ഞത്. സർവകലാശാലാ പരീക്ഷാവിഭാഗം കമ്പ്യൂട്ടറൈസ് ചെയ്യുന്നതിന് ഇനിയും കാലതാമസമുണ്ടായിക്കൂടാ. ഈ പദ്ധതിക്ക് സർക്കാർ സഹായം ലഭ്യമാക്കിക്കൊണ്ട് സർവകലാശാലയിലെ മുഴുവൻ പരീക്ഷകളും കമ്പ്യൂട്ടറൈസ് ചെയ്യാനുള്ള നടപടികൾ വേഗത്തിലാക്കുകയും അടുത്ത ബജറ്റ് വർഷത്തിൽ തന്നെ പൂർത്തിയാക്കുകയും ചെയ്യും.

### സോളാർ പാനലിംഗ്

പാളയം കാമ്പസ്സിലും കാര്യവട്ടം ഹോസ്റ്റലുകളിലും സോളാർ പാനലിംഗ് സ്ഥാപിക്കാനുള്ള പദ്ധതി സർക്കാർ സഹായത്തോടെ ഊർജ്ജിതപ്പെടത്തും. ഇതിലൂടെ സർവകലാശാലയുടെ വൈദ്യുതിച്ചെലവ് ഗണ്യമായി കുറയ്ക്കാനും പവർ സപ്ലൈ തടസ്സമില്ലാതെ ലഭ്യമാക്കാനും കഴിയും.

## അക്കാദമിക രംഗം

### ബിരുദകോഴ്സുകളുടെ സെമസ്റ്ററൈസേഷൻ

ബിരുദ കോഴ്സുകളുടെ സെമസ്റ്ററൈസേഷൻ പദ്ധതി കേരള സർവകലാശാലയിൽ ഈ അദ്ധ്യയന വർഷം തന്നെ ആരംഭിക്കുകയാണ്. വളരെയേറെ തയ്യാറെടുപ്പുകളും മുന്നൊരുക്കങ്ങളും ആവശ്യമായ ബൃഹത്തായ ഒരു അക്കാദമിക് സംരംഭമാണ് ഇത്. അക്കാദമികമായ തയ്യാറെടുപ്പുകൾ പൂർത്തിയായിക്കൊണ്ടിരിക്കുന്നു. സെമസ്റ്ററൈസേഷൻ നടപ്പാക്കുന്നതോടെ സർവകലാശാലാ പരീക്ഷാവിഭാഗത്തിലും ബന്ധപ്പെട്ട ഭരണവിഭാഗത്തിലും ജോലി ഭാരം ഇരട്ടിയാകും. പരീക്ഷകളുടെ എണ്ണം ഇരട്ടിക്കുന്നു എന്നുമാത്രമല്ല സെമസ്റ്റർ പരീക്ഷകൾക്കു സമാന്തരമായി നിലവിലുള്ള വാർഷിക പരീക്ഷാ സംവിധാനവും അടുത്ത അഞ്ചു വർഷത്തേക്കെങ്കിലും തുടരേണ്ടിയും വരും. പരീക്ഷാ ജോലികൾ സുഗമമായി നടത്തുന്നതിനാവശ്യമായ ജീവനക്കാരെ നിയമിക്കുകയും അവർക്ക് പുതിയ പരീക്ഷാ സംവിധാനത്തിൽ പരിശീലനം നൽകുകയും ചെയ്യും.

### സെന്റർ ഫോർ ഇന്റർനാഷണൽ അക്കാദമിക്സ്

കേരള സർവകലാശാലയിലേക്ക് വിദേശ വിദ്യാർത്ഥികളെ കൂടുതൽ ആകർഷിക്കുന്നതിനും അവരുടെ പ്രവേശന നടപടികൾ



സുഗമമാക്കുന്നതിനുമായി സെന്റർ ഫോർ ഇന്റർനാഷണൽ അക്കാദമിക്സ് സ്ഥാപിക്കും. കേരള സർവകലാശാലയിൽ നിന്ന് വിദേശ സർവകലാശാലകളിലേക്കും തിരിച്ചുമുള്ള അദ്ധ്യാപക/വിദ്യാർത്ഥി വിനിമയ പരിപാടികൾക്ക് ഈ കേന്ദ്രം നേതൃത്വം കൊടുക്കും. അതുപോലെ വിദേശ സർവകലാശാലകളുമായുള്ള ലിങ്കേജ് പ്രോഗ്രാമുകൾ, സംയുക്ത ഗവേഷണം, കൺസൾട്ടൻസി, വിദ്യാർത്ഥികൾക്കാവശ്യമായ പഠനകോഴ്സുകൾ ആവിഷ്കരിക്കുക എന്നിവയുടെ മേൽനോട്ടം ഈ കേന്ദ്രത്തിനായിരിക്കും. സർവകലാശാലയ്ക്ക് മെച്ചപ്പെട്ട ഒരു വരുമാനമാർഗ്ഗമായി വിദേശ വിദ്യാർത്ഥി പ്രവേശന പദ്ധതി വിപുലപ്പെടുത്തും.

### ഇൻസ്റ്റിറ്റ്യൂഷണൽ റിപ്പോസിറ്ററി

സർവകലാശാലയുടെ പഠന ഗവേഷണ വകുപ്പുകളും മറ്റു സർവകലാശാലാവകുപ്പുകളും പ്രസിദ്ധീകരിക്കുന്ന ഗവേഷണ പ്രബന്ധങ്ങളുടെ ഒരു റിപ്പോസിറ്ററി ലൈബ്രറി & ഇൻഫർമേഷൻ സയൻസ് വകുപ്പിനു കീഴിൽ സ്ഥാപിക്കും. സർവകലാശാലയിലെ അക്കാദമിക ഗവേഷണ പ്രവർത്തനങ്ങൾക്ക് ഒരു ഏകോപനവും അതുവഴി ആഗോളശ്രദ്ധയും അംഗീകാരവും നേടാനാകും.

### അക്കാദമിക് ടൂറിസം ഇനിഷ്യേറ്റീവ്

സംസ്ഥാന ഗവൺമെന്റിന്റെ ടൂറിസം വകുപ്പുമായി സഹകരിച്ച് ടൂർ പാക്കേജിന്റെ ഭാഗമായി കേരള ഭാഷയും സംസ്കാരവും കലകളുമായി ബന്ധപ്പെട്ട ഷോർട്ട്ടേം കോഴ്സുകൾ ആരംഭിക്കും. ഈ കോഴ്സുകളുടെ അക്കാദമികതലം സർവകലാശാലയും മറ്റ് ഉത്തരവാദിത്തങ്ങൾ

കെ.ടി.ഡി.സിയും പങ്കുവയ്ക്കും. വർദ്ധിച്ചുവരുന്ന ടൂറിസം സാധ്യതകളുടെ പശ്ചാത്തലത്തിൽ ഇതിനു കൂടുതൽ പ്രസക്തിയുണ്ടാകും.

**സെന്റർ ഫോർ ഫോക്‌ലോർ സ്റ്റഡീസ്**

ഫോക്‌ലോർ പഠനങ്ങൾക്കും ഗവേഷണങ്ങൾക്കും മുമ്പില്ലാത്ത വിധം പ്രസക്തിയും പ്രാധാന്യവും കൈവന്നിട്ടുള്ള സാഹചര്യത്തിൽ നാടോടി വിജ്ഞാനീയ മേഖലയിൽ കൂടുതൽ ഊന്നൽ നൽകുന്നതിനും കേരളസംസ്കാരത്തെയും പൈതൃകത്തെയും പ്രത്യേകം പഠനവിധേയമാക്കുന്നതിനും വേണ്ടി സെന്റർ ഫോർ ഫോക്‌ലോർ സ്റ്റഡീസ് രൂപീകരിക്കും. ഫോക്‌ലോർ സംബന്ധിയായ സെമിനാറുകൾ പഠനഗവേഷണങ്ങൾ എന്നിവയായിരിക്കും ആദ്യഘട്ടത്തിൽ ഈ കേന്ദ്രം ഏറ്റെടുക്കുക. തുടർന്ന് ഡിപ്ലോമാ കോഴ്സുകളും ഡിഗ്രി കോഴ്സുകളും യു.ജി.സി സഹായത്തോടെ നടത്തുന്നതിനെക്കുറിച്ച് ആലോചിക്കും.

**സെന്റർ ഫോർ വിഷ്വൽ കമ്മ്യൂണിക്കേഷൻ**

ദൃശ്യമാധ്യമപഠനത്തിനും ഗവേഷണത്തിനുമായി സെന്റർ ഫോർ വിഷ്വൽ കമ്മ്യൂണിക്കേഷൻ എന്ന പേരിൽ ഒരു കേന്ദ്രം ജേർണലിസം ഡിപ്പാർട്ടുമെന്റിനു കീഴിൽ തുടങ്ങും.

**സെന്റർ ഫോർ ഇന്ത്യൻ ക്ലാസിക്കൽ ഡാൻസ്**

ഭാരതീയ ക്ലാസിക്കൽ ഡാൻസിനെക്കുറിച്ച് പഠിക്കുന്നതിനും ഗവേഷണ പ്രവർത്തനങ്ങൾ നടത്തുന്നതിനുമായി സെന്റർ ഫോർ ഇന്ത്യൻ ക്ലാസിക്കൽ ഡാൻസ് ആരംഭിക്കും.



**കമ്പ്യൂട്ടർ ലാബ്**

ഗണിതശാസ്ത്ര വിഭാഗത്തിൽ ലാറ്റക്സ് റിസോഴ്സ് സെന്റർ സ്ഥാപിക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇതിനാവശ്യമായ കമ്പ്യൂട്ടർ ലാബ് അടുത്ത ബജറ്റ് വർഷം തന്നെ പൂർത്തിയാക്കിക്കൊണ്ട് സെന്ററിനെ പ്രവർത്തന സജ്ജമാക്കും.

## പുതിയ പഠനകോഴ്സുകൾ

**എം.ബി.എ ടൂറിസം കോഴ്സ്**

ടൂറിസവുമായി ബന്ധപ്പെട്ട തൊഴിൽസാദ്ധ്യതകൾ പരിഗണിച്ചുകൊണ്ട് ഐ.എം.കെ യുടെ ചുമതലയിൽ എം.ബി.എ ടൂറിസം കോഴ്സ് അടുത്ത അദ്ധ്യയന വർഷത്തിൽ ആരംഭിക്കും. ഇതിനുള്ള പ്രാരംഭനടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. 40 കുട്ടികൾക്കാണ് കോഴ്സിൽ പ്രവേശനം നൽകുന്നത്.

**എം.ബി.എ.ഡിസാസ്റ്റർ മാനേജ്മെന്റ്**

കാലിക പ്രാധാന്യമുള്ള പഠനവിഷയമായ ഡിസാസ്റ്റർ മാനേജ്മെന്റിൽ എം.ബി.എ കോഴ്സ് ആരംഭിക്കാൻ പദ്ധതിയുണ്ട്.

**കമ്പ്യൂട്ടേഷണൽ ലിംഗ്വസ്റ്റിക്സ്**

ലിംഗ്വസ്റ്റിക്സ് വിഭാഗത്തിനു കീഴിൽ കമ്പ്യൂട്ടേഷണൽ ലിംഗ്വസ്റ്റിക്സിൽ പി.ജി. പ്രോഗ്രാം ആരംഭിക്കും.

**എം.ഫിൽ കോഴ്സുകൾ**

ഡെമോഗ്രഫി വകുപ്പിനു കീഴിൽ അക്ച്ചൂറിയൽ സയൻസിലും ബിസിനസ് ഡെമോഗ്രഫിയിലും എം.ഫിൽ കോഴ്സുകൾ തുടങ്ങും. സെന്റർ ഫോർ വിമൻസ് സ്റ്റഡീസിനു കീഴിൽ വിമൻസ് സ്റ്റഡീസിൽ എം.ഫിൽ കോഴ്സ് ആരംഭിക്കും.

**എം.എസ്.സി കോഴ്സുകൾ**

സർവകലാശാലയിൽ സ്ഥാപിച്ച ആരോഗ്യശാസ്ത്ര പഠനകേന്ദ്രത്തിനു കീഴിൽ മെഡിക്കൽ ബയോകെമിസ്ട്രി, മെഡിക്കൽ ഡോക്യുമെന്റേഷൻ, ഫുഡ് & ന്യൂട്രീഷൻ, മെഡിക്കൽ മൈക്രോബയോളജി എന്നീ വിഷയങ്ങളിൽ എം.എസ്.സി കോഴ്**സുകൾ** ആരംഭിക്കും.

**ഫയർ ടെക്നോളജിയിൽ പ്രൊഫഷണൽ ഡിഗ്രി കോഴ്സ്**

യൂണിവേഴ്സിറ്റി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയുടെ കീഴിൽ ഫയർ ടെക്നോളജി & റിസോഴ്സ് മാനേജ്മെന്റിൽ പ്രൊഫഷണൽ ഡിഗ്രി കോഴ്സ് ആരംഭിക്കുന്നതിന്റെ സാദ്ധ്യതകൾ ആരായും.

**ഡിപ്ലോമ കോഴ്സുകൾ**

സർവകലാശാലാ ലൈബ്രറി & ഇൻഫർമേഷൻ സയൻസ് വകുപ്പിനു കീഴിൽ മെഡിക്കൽ ഇൻഫർമാറ്റിക്സിൽ പി.ജി.ഡിപ്ലോമ കോഴ്സ് ആരംഭിക്കും.

ഹിന്ദി വകുപ്പിനു കീഴിൽ ആരംഭിച്ച ട്രാൻസലേഷൻ സെന്ററിൽ ട്രാൻസലേഷൻ സ്റ്റഡീസിൽ ഡിപ്ലോമ കോഴ്സ് ആരംഭിക്കും.

## വിദ്യാർത്ഥിരംഗം

**വിദ്യാർത്ഥികൾക്ക് ഹാൻഡ് ബുക്ക്**

സർവകലാശാലയിൽ നിന്ന് വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന സേവനങ്ങൾ, സ്കോളർഷിപ്പുകൾ, മറ്റ് ധനസഹായങ്ങൾ എന്നിവയെക്കുറിച്ചുള്ള മുഴുവൻ വിവരങ്ങളും വിദ്യാർത്ഥികൾക്ക് ലഭ്യമല്ലാത്ത സ്ഥിതി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ഇതു പരിഹരിക്കുന്നതിനായി വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന സേവനങ്ങൾ, ക്ഷേമപദ്ധതികൾ, അവയുടെ വ്യവസ്ഥകൾ



എന്നിവ സമഗ്രമായി പ്രതിപാദിക്കുന്ന ഒരു കൈപ്പുസ്തകം (ഹാൻഡ് ബുക്ക്) പ്രസിദ്ധീകരിക്കുകയും അത് എല്ലാ അഫിലിയേറ്റഡ് കോളേജുകളിലും എത്തിക്കാൻ നടപടികളെടുക്കുകയും ചെയ്യും.

**പുതിയ ഹോസ്റ്റൽ മന്ദിരങ്ങൾ**

വിദ്യാർത്ഥികൾക്ക് വേണ്ടത്ര ഹോസ്റ്റൽ സൗകര്യം ലഭ്യമാക്കാൻ സർവകലാശാലയ്ക്കു കഴിഞ്ഞിട്ടില്ല. കാലപ്പഴക്കത്താൽ ചില കെട്ടിടങ്ങൾ ജീർണ്ണാവസ്ഥയിലുമാണ്. കാര്യവട്ടത്ത് വനിതാഹോസ്റ്റലിന്റെ ഒരു ഭാഗം ഇയ്യിടെ നിലംപൊത്തുകയും ചെയ്തിരുന്നു. പഴയ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ തീർത്തു വരികയാണ്. അതോടൊപ്പം കാര്യവട്ടത്തും തൈക്കാടും പുതിയ ഹോസ്റ്റൽ കെട്ടിടങ്ങൾ നിർമ്മിക്കുവാനും ഈ ബജറ്റു വർഷം തന്നെ അതു പൂർത്തീകരിക്കാനും പദ്ധതിയുണ്ട്. ഇതിന് ഗവൺമെന്റ് സഹായം നേടിയെടുക്കാൻ സാധിച്ചിട്ടുണ്ട്.

**ഫുട്ബോൾ കോർട്ട്**

കാര്യവട്ടം കാമ്പസിൽ പഠനവകുപ്പുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കു വേണ്ടി ആധുനിക നിലവാരത്തിലുള്ള ഒരു ഫുട്ബോൾ കോർട്ട് നിർമ്മിക്കും.

**സ്പോക്കൺ ഇംഗ്ലീഷ് സ്കിൽ ഡെവലപ്പ്മെന്റ് പ്രോഗ്രാം**

ഇംഗ്ലീഷ് ഡിപ്പാർട്ടുമെന്റിൽ പ്രവർത്തിക്കുന്ന ELT സെന്ററിനു കീഴിൽ വിദ്യാർത്ഥികൾക്കായി സ്പോക്കൺ ഇംഗ്ലീഷ് സ്കിൽ ഡവലപ്പ്മെന്റ് പ്രോഗ്രാം നടത്തും.

**ഗവേഷണ വിദ്യാർത്ഥികൾക്കു പരിശീലനം**

ഗവേഷണ വിദ്യാർത്ഥികൾക്കു സർവേ റിസർച്ചിൽ പരിശീലനം നൽകുന്നതിന് ദേശീയതലത്തിലുള്ള ഒരു ശില്പശാല സംഘടിപ്പിക്കും.

## ജീവനക്കാരുടെ രംഗം

**ശമ്പള പരിഷ്കരണം നടപ്പാക്കും**

യു.ജി.സി യുടെയും സംസ്ഥാന ഗവൺമെന്റിന്റെയും ശമ്പള പരിഷ്കരണം സർക്കാർ അനുമതി ലഭിക്കുന്ന മുറയ്ക്ക് സർവകലാശാലാ അദ്ധ്യാപകർക്കും ജീവനക്കാർക്കും നടപ്പാക്കും.

**പെൻഷൻ റിസർവ് ഫണ്ട്**

സർവകലാശാലയിൽ നിന്നും ശരാശരി 130 ഓളം ജീവനക്കാരാണ് പ്രതിവർഷം വിരമിക്കുന്നത്. മാതൃസർവകലാശാല എന്ന നിലയിൽ മറ്റു സർവകലാശാലകളെ അപേക്ഷിച്ച് കേരള സർവകലാശാലയിൽ വിരമിച്ച ജീവനക്കാരുടെ എണ്ണം കൂടുതലുമാണ്. പദ്ധതിയേതരച്ചെലവിന്റെ 30 ശതമാനം പെൻഷൻ ബാദ്ധ്യതകൾക്കായി നീക്കിവയ്ക്കേണ്ടി വരുന്നു. ധനദൗർലഭ്യം മൂലം തനതായ പെൻഷൻ ഫണ്ട് സ്വരൂപിക്കുവാൻ സർവകലാശാലയ്ക്ക് ഇതുവരെ കഴിഞ്ഞില്ല. ഈ പ്രതിസന്ധി മറികടക്കുന്നതിനും ഭാവിയിൽ പെൻഷൻ പദ്ധതികൾ തടസ്സമില്ലാതെ നടപ്പാക്കുന്നതിനും ഇക്കാര്യത്തിലുള്ള ആശങ്കകൾ അകറ്റുന്നതിനുമായി പെൻഷൻ റിസർവ് ഫണ്ടിന് രൂപം കൊടുക്കുന്നതിന് അടുത്ത ബജറ്റ് വർഷം നടപടി സ്വീകരിക്കും. ഇതിനായി ഒരു കോടി രൂപ മാറ്റിവയ്ക്കും.



**ലൈബ്രറി ജീവനക്കാർക്ക് പരിശീലനം**

സർവകലാശാലയിൽ ജോലി ചെയ്യുന്ന മുഴുവൻ ലൈബ്രറി ജീവനക്കാർക്കും ഹ്രസ്വകാല പരിശീലന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കും.

**ജീവനക്കാർക്ക് ആരോഗ്യ ഇൻഷുറൻസ്**

സർവകലാശാലയിലെ എല്ലാ വിഭാഗം ജീവനക്കാർക്കും ചികിത്സാ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി സമഗ്രമായ ഒരു ആരോഗ്യ സുരക്ഷാ പദ്ധതിക്ക് രൂപം കൊടുക്കും.

**ക്വാർട്ടേഴ്സ് നവീകരണവും നിർമ്മാണവും**

സർവകലാശാലാ ജീവനക്കാരുടെ കാര്യവട്ടം കാമ്പസിലുള്ള ക്വാർട്ടേഴ്സുകൾ അറ്റകുറ്റപ്പണികൾ തീർത്ത് നവീകരിക്കും. നിലവിലുള്ള ക്വാർട്ടേഴ്സുകളുടെ അപര്യാപ്തത കണക്കിലെടുത്ത് കൂടുതൽ ക്വാർട്ടേഴ്സുകൾ നിർമ്മിക്കുവാൻ ബജറ്റ് വർഷത്തിൽ നടപടികളെടുക്കും.

**തുടർപരിശീലന പദ്ധതി**

സർവകലാശാലയുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് ജീവനക്കാർക്ക് തുടർച്ചയായ പരിശീലന പരിപാടികൾ സംഘടിപ്പിക്കേണ്ടതുണ്ട്. അതിനായി സർവകലാശാലാ ജീവനക്കാർക്ക് നൽകിയ പരിശീലനം ഒരു തുടർപദ്ധതിയായി ബജറ്റ് വർഷത്തിലും സംഘടിപ്പിക്കും.

വിദ്യാലയങ്ങളാണ് നമ്മുടെ ഭാവിയെ കരുപ്പിടിപ്പിക്കുന്നത്. വിവേകവും വിജ്ഞാനവും വളർത്തി ഒരു വ്യക്തിയെ സംസ്കൃതചിത്തനായി പരിവർത്തിപ്പിക്കുന്നത് വിദ്യാഭ്യാസം തന്നെയാണ്. ഭാവിയുടെ കരുതൽ മൂലധനമാണത്. അതുകൊണ്ടാണ് കേരളീയ നവോത്ഥാന നായകരിൽ അഗ്രാസനസ്ഥനായ ശ്രീനാരായണ ഗുരു ഒരു ഘട്ടത്തിൽ പറഞ്ഞത്, 'ഇനി നമുക്കു ദേവാലയങ്ങളല്ല വേണ്ടത് വിദ്യാലയങ്ങളാണ്' എന്ന്. ഏറെ ഉൾക്കാഴ്ചയുള്ള ഒരു വിജ്ഞാപനമാണത്. വിദ്യാലയങ്ങൾക്കുള്ള പരമപ്രാധാന്യവും പവിത്രതയുമാണ് ചിന്താബന്ധുരമായ ഈ പ്രസ്താവനയിലുള്ളത്. വിദ്യാലയങ്ങളുടെ ഏറ്റവും ഉന്നതമായ രൂപമാണ് സർവകലാശാലകൾ. അതുകൊണ്ടാണതിന് സർവകലാശാല എന്ന സംജ്ഞ തന്നെ അനുയോജ്യമാകുന്നത്. വിജ്ഞാനസമ്പാദനത്തിനായി സർവകലാശാലകൾക്കപ്പുറം മറ്റൊരു പടവില്ല. അതുകൊണ്ടു തന്നെ സർവകലാശാലകൾ സമകാലീനമായ ആവശ്യങ്ങൾക്കൊത്ത് സജ്ജമാകണം. കോഴ്സുകളും പഠനപദ്ധതികളും നവീകരിക്കപ്പെടണം. സംവിധാനങ്ങൾ കാലികമാവുകയും സുതാര്യമാവുകയും വേണം. വിദ്യാർത്ഥികളുടെയും പൊതുസമൂഹത്തിന്റെയും ഇച്ഛകളുടെ പൂർത്തീകരണം അവിടെയുണ്ടാകണം. സർവകലാശാലാ ഭരണസമിതിയും ലക്ഷ്യം വയ്ക്കുന്നത് ഇതുതന്നെയാണ്. സാമ്പത്തികമായ ഇല്ലായ്മകളുടെ പേരിൽ നമ്മുടെ ആവശ്യങ്ങളും കടമകളും ചുരുക്കികെട്ടുവാൻ പാടില്ല. നമ്മുടെ ഉണ്മകളും



അനിവാര്യതകളും തമ്മിലുള്ള പാരസ്പര്യം ഒരു സാമ്പത്തിക പ്രശ്നം മാത്രമല്ല. പ്രശസ്ത അമേരിക്കൻ സാമ്പത്തിക വിദഗ്ദ്ധനായ പോൾ ഹെയ്നെ ഇങ്ങനെ പറയുന്നു.

*'The gap in our economy is between what we have and what we think we ought to have and that is a moral problem, not an economic one'.*

ഇല്ലായ്മകളും ആവശ്യങ്ങളും തമ്മിൽ ധാർമ്മികമായി പൊരുത്തപ്പെടുന്ന ഒരു ആസൂത്രണ വൈദഗ്ദ്ധ്യത്തിലൂടെ മാത്രമേ ഇനിയുള്ള കാലം നമുക്ക് മുന്നേറാനാകൂ. ഇത്തരമൊരു സങ്കല്പത്തിലൂന്നിയ വികസനപ്രവർത്തനങ്ങൾ വിഭാവനം ചെയ്യുന്ന ഈ ബജറ്റ്, സെനറ്റിന്റെ സമഗ്രമായ ചർച്ചയ്ക്കും അംഗീകാരത്തിനുമായി സസന്തോഷം സമർപ്പിക്കുന്നു.

• • • • • • • • • • • • • • • • • • • • •